# ശഅ്ബാൻ പതിനഞ്ചാം രാവ്
## ചില സംശയങ്ങൾ
## (الفتاوى)

കെ. എം. മൗലവി(ﷺ)

അൽമുർശിദ് رَمَضَان 1356 (പേജ്: 279-283)


الفتاوى
الجواب

[ചോദ്യം]

അൽമുർശിദ് പത്രാധിപർ അവർകൾക്ക്.

മാന്യരെ, السلام عليكم ورحمة الله وبركاته

ബറാഅത്ത് രാവിനെ സംബന്ധിച്ചുള്ള ചോദ്യത്തിന്ന് കൊടുത്ത جـواب[മറുപടിയി]ൽ ഞങ്ങൾക്ക് ചില സംശയ ങ്ങൾ നേരിട്ടിരിക്കയാൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് മതിയാകുന്ന മറുപടി അൽമുർശിദിൽ പ്രസിദ്ധം ചെയ്യു വാൻ അപേക്ഷിക്കുന്നു.

سلّمنا الله من الشبهات في الاعمال وسلّمنا من الآفات في المعاد والمآل

അഹമ്മദ്കുട്ടി അൽമദാരി, വണ്ടൂർ (ഒപ്പ്)

1. ശഅ്ബാൻ പതിനഞ്ചാം രാവിന്റെ ഗുണങ്ങളിൽ وَارِد-ആയ[രേഖപ്പെടുത്തപ്പെട്ട] ഹദീസുകളിൽ നിന്ന് ഭൂരിപക്ഷം ഉലമാഅ് ضَـعِيف-[ദുർബലം]ആക്കിയതും ഇബ്നുമാജ സ്വഹീഹാക്കിയതുമായ ആഇശ(ﷺ) പറഞ്ഞ فقدت النّبيّ صلّى الله عليه وسلّم എന്ന് ആരംഭിച്ച ഹദീസും അതേ രാവിന്റെ ഗുണങ്ങളിൽ وَارِد-ആയ[രേഖപ്പെടുത്തപ്പെട്ട] فتـاوى الكـبرى-യിൽ جـزء ثـاني ص 80 [രണ്ടാം ഭാഗം 80–ാം പേജിൽ] ഉള്ള ബാക്കി ഹദീസുകളും مِـشْكَاةُ الـمَـصَابِيح{മിശ്കാത്തുൽ മസ്വാബിഹീ}ലെ ഹദീസുകളും بَاطِـل എന്നോ كَذِب[കളവെ]ന്നോ പറയാമോ?

الجواب[ഉത്തരം]

1. ചില ഹദീസുകളുടെ റാവികളെ സംബന്ധിച്ച് തങ്ങളുടെ അന്വേഷണത്തിൽ ആ റാവികൾ സ്വീകരിക്കത്തക്കവരാണെന്ന് അവർക്ക് വിശ്വാസം വരികയാൽ ചില ഇമാമീങ്ങൾ അവയെ സ്വഹീഹിന്റെ കൂട്ടത്തിൽ ചേർത്തുവാൻ ഇടവരും. എന്നാൽ മറ്റു ചില ഇമാമുകൾക്ക് മാത്രമല്ല, അവർക്ക് തന്നെയും പിന്നെ പൂർണ്ണമായ അറിവുകൊണ്ട് അവർ കളവ് പറയുന്നവരായിരുന്നുവെന്ന് തന്നെ ബോധ്യം വന്നിരിക്കും. അതിനാൽ അങ്ങനെ പൂർണ്ണമായ അറിവ് കിട്ടിയവർ അതിനെ വെളിപ്പെടുത്തുന്നത് അവരുടെ കടമയാകുന്നു. അതേ കാരണംകൊണ്ട് തന്നെയായിരിക്കണം നിങ്ങളുടെ ഈ ചോദ്യത്തിൽ വിവരിച്ചിട്ടുള്ള ഹദീസുകളെ കുറിച്ചും മറ്റുമായി ഇബ്നു ഹജറുൽ ഹൈതമി(ﷺ) അദ്ദേഹത്തിന്റെ ഫതാവയിൽ جزء اوّل ص 184 [ഭാഗം 1, പേജ് 184]-ൽ

وَجَمِيعُ ما رُوِيَ من الْأَحَادِيثِ الْمُشْتَهِرَةِ فِي فَضَائِلِ هذه اللَّيْلَةِ وَلَيْلَةِ نِصْفِ شَعْبَانَ بَاطِلٌ كَذِبٌ لَا أَصْلَ له وَإِنْ وَقَعَ فِي بَعْضِ كُتُبِ الْأَكَابِرِ كَالْإِحْيَاءِ لِلْغَزَالِيِّ وَغَيْرِهِ

എന്ന് പറഞ്ഞിട്ടുള്ളത്. മാത്രമല്ല ഇമാം അബൂശാമ(﵀)പറയുന്നത് കാണുക:

وقال-الحافظ ابو الخطّاب ابن دحية-في كِتَابِ ما جاءَ فِي شَهرِ شَعْبانِ مِنْ تَأْلِيفِهِ اَيْضاً قالَ اَهْلُ التَّعْدِيلِ وَالتَّجْرِيحِ لَيْسَ فِي حَدِيثِ لَيْلَةَ النِّصْفِ مِنْ شَعْبَانِ حَدِيثٌ يَصِحُّ فَتَحَفَّظُوا عِبَادَ الله مِنْ مُفْتَرٍ يَرْوِي لَكُمْ حَدِيثًا مَوْضُوعًا يَسُوقُهُ فِي مَعْرِضِ الخَيْرِ فَاسْتِعْمَالُ الخَيْرِ يَنْبَغِي أَنْ يَكُونَ مَشْرُوعًا مِنَ النّبِيِّ فَإِذَا صَحَّ أَنَّهُ كَذِبٌ خَرَجَ مِنَ المَشْرُوعِيَّةِ وَكَانَ مُسْتَعْمِلُهُ مِنْ خَدَمِ الشَّيْطَانِ لِاسْتِعْمَالِهِ حَدِيثًا عَلَى رَسُولِ الله لَمْ يُنْزِلِ اللهِ بِهِ مِنْ سُلْطَانٍ(ص 22)

(അൽഹാഫിള് അബുൽഖത്ത്വാബ് ഇബ്നു ദിഹ്യ(﵀) തന്റെ കൃതിയിൽ നിന്ന് ശഅ്ബാൻ മാസത്തെ സംബന്ധിച്ച് وارد-ആയിട്ടു[രേഖപ്പെടുത്തിയിട്ടു]ള്ളതിന്റെ  കിതാബിൽ ഇങ്ങനെ പറയുന്നു: ഹദീസുകളുടെ رَاوِي-കളെ[നിവേദകരെ] പരീക്ഷിച്ച് അവരിൽ വിശ്വാസയോഗ്യന്മാരെയും അല്ലാത്തവരെയും വേർതിരിക്കുന്ന ഇമാമീങ്ങൾ പറയുന്നു: ശഅ്ബാൻ പതിനെഞ്ചാം രാവിനെ കുറിച്ചുള്ള ഹദീസിൽ സ്വഹീഹെന്ന് തെളിയുന്ന യാതൊരു ഹദീസുമില്ല. അതിനാൽ അല്ലാഹുവിന്റെ അടിമകളേ, കളവ് കെട്ടിപ്പറയുന്നവനെ നിങ്ങൾ സൂക്ഷിക്കുവീൻ. അയാൾ നിർമ്മിതമായ ഹദീസിനെ നന്മയുടെ പ്രദർശനസ്ഥാനത്തിൽ നിങ്ങൾക്കു രിവായത്ത് ചെയ്തുതരും. നന്മയെ ഉപയോഗിക്കുന്നത് നബി (ﷺ)നാൽ നിയമിക്കപ്പെട്ടത് ആയിരിക്കേണ്ടതാണ്. അതിനാൽ അത് കളവാണെന്ന് സ്ഥിരപ്പെട്ടാൽ അത് നിയമിക്കപ്പെട്ടത് അല്ലെന്നു വന്നു. അതിനെ ഉപയോഗിക്കുന്നവൻ അല്ലാഹു(ﷻ) യാതൊരു തെളിവും അവതരിപ്പിച്ചിട്ടില്ലാത്ത ഒരു ഹദീസിനെ റസൂൽ(ﷺ)യുടെ മേൽ ഉപയോഗിച്ചതിനാൽ പിശാചിന്റെ സേവകന്മാരിൽപെട്ടവനാകയും ചെയ്തു.

ഇനിയും നോക്കുക, നിങ്ങൾ ചോദ്യത്തിൽ പറഞ്ഞ മിശ്കാത്തിന്റെ 115–ാം صُفْح[പേജ്]ലെ ഹദീസുകളിൽ നിന്ന് ആ باب–ലെ അവസാനത്തെ ഹദീസ് അലി(﵁)വിനെ തൊട്ട് ഇബ്നുമാജ(﵀) രിവായത്ത് ചെയ്തിട്ടുള്ളതാണല്ലോ? അതിന്റെ رَاوِي-യായ ഇബ്നു അബീസൈറ (അല്ലെങ്കിൽ ഇബ്നു അബീ ബുസ്റ) ഹദീസിനെ കളവായി നിർമ്മിക്കുന്ന ആളാണെന്ന് അഹ്മദ്, ഇബ്നു മുഈൻ എന്നീ രണ്ടു ഇമാമുകളും പറഞ്ഞിട്ടുള്ളതായി زَوائِد–ൽ ഉണ്ടെന്ന് ഇബ്നുമാജയുടെ സ്വഹീഹിന്റെ مُحْشِي[അടിക്കുറിപ്പ് കൊടുത്ത വ്യക്തി] പറയുന്നു. (السنن والمبتدعات ص 93)

ഇതിൽ ഇബ്നുമാജ സ്വഹീഹാക്കിയ ഹദീസുകളിൽ വെച്ച് ഏറ്റവും വിശേഷപ്പെട്ടത് എന്ന് بَعْضُ الحُفَّاظ [ചില ഹദീസ് പണ്ഡിതർ] പറഞ്ഞതായി ഇബ്നുഹജർ(﵀) പറഞ്ഞിരിക്കുന്നു. ആഇശ(﵂) തൊട്ടുള്ള فقدت النّبيّ صلّى الله عليه وسلّم എന്ന് ആരംഭിക്കുന്ന ഹദീസിന്റെ നില അിറഞ്ഞാൽ പിന്നെ നിങ്ങൾക്ക് ഇതിനെ സംബന്ധിച്ചുള്ള മറ്റു ഹദീസുകളെ കുറിച്ച് സംശയം ബാക്കിയായിരിക്കുകയില്ലല്ലോ? അതിന്റെ സനദ് ഇങ്ങനെയാണ്;

الْحَجَّاجُ بْنُ أَرْطَاةَ ، عَنْ يَحْيَى بْنِ أَبِي كَثِيرٍ ، عَنْ عُرْوَةَ

(ഉർവത്തിൽ നിന്ന് യഹ്യബിനു അബീകസീർ പറയുന്നതായി അദ്ദേഹത്തിൽ നിന്ന് ഹജ്ജാജ്ബ്നു അർത്വാത നിവേദനം ചെയ്യുന്നു.)

ഇമാം ബുഖാരി പറയുന്നു: ഹജ്ജാജ് യഹ്യയിൽ നിന്ന് കേട്ടിട്ടേയില്ല. യഹ്യ ഉർവത്തിൽ നിന്നും ഇങ്ങനെ തന്നെ കേട്ടിട്ടേയില്ല. അതിനാൽ ഈ ഹദീസ് രണ്ട് സ്ഥാനത്ത് സനദ് മുറിഞ്ഞ് പോയിട്ടുള്ളതാകുന്നു. കൂടാതെ ഹജ്ജാജ് പ്രാമാണികതക്ക് യോഗ്യനുമല്ല. (باعث ص 23) والله اعلم

[ചോദ്യം]

2. ഇബ്നുഹജറിൽ ഹൈത്തമി(ﷺ)فتاوى الكبرى-യിൽ ഇങ്ങനെ പറയുന്നു:

وَالْحَاصِلُ أَنَّ لِهَذِهِ اللَّيْلَةِ فَضْلًا وَأَنَّهُ يَقَعُ فيها مَغْفِرَةٌ مَخْصُوصَةٌ وَاسْتِجَابَةٌ مَخْصُوصَةٌ وَمِنْ ثَمَّ قال الشَّافِعِيُّ رضي اللَّهُ عنه إنَّ الدُّعَاءَ يُسْتَجَابُ فيها وَإِنَّمَا النِّزَاعُ في الصَّلَاةِ الْمَخْصُوصَةِ لَيْلَتَهَا

(ആകെ പറയുന്നതെന്താൽ ഈ രാവിന് പ്രത്യേകം فَضْلُ-ൽ[ശ്രേഷ്ഠത] ഉണ്ട്. ആ രാവിൽ ദുആക്ക് പ്രത്യേകം ഉത്തരം ചെയ്യുക, പ്രത്യേകം പാപം പൊറുക്കുക എന്നിവ ഉണ്ടാകുമെന്നും തീർച്ച. അക്കാരണത്താലാണ് ശാഫഈ(ﷺ) ആ രാവിൽ ദുആക്ക് തീർച്ചയായും ഉത്തരം കിട്ടപ്പെടുമെന്ന് പറഞ്ഞത്. എതിരുള്ളത് ആ രാവിലെ പ്രത്യേക നിസ്കാരത്തെപ്പറ്റി മാത്രമാണ്. ഇപ്പറഞ്ഞ عِبَارَة [ഉദ്ധരണി] കൊണ്ട് ശഅ്ബാൻ പതിനഞ്ചാം രാവിന് فَضْلُ-[ശ്രേഷ്ഠത]ഉണ്ടെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ലെന്നും അന്നത്തെ പ്രത്യേക നമസ്കാരത്തിലാണ് അഭിപ്രായവ്യത്യാസമുള്ളതെന്നുമല്ലേ തെളിയുന്നത്? ഇതിനെപ്പറ്റി നിങ്ങൾ എന്തു പറയും?

الجواب[ഉത്തരം]

ഇബ്നു ഹജറിൽ ഹൈത്തമി(ﷺ)യുടെ വാചകമായി നിങ്ങൾ ചോദ്യത്തിൽ കാണിച്ചിരിക്കുന്ന ഫതാവയിലെ ഈ عِبَارَة[ഉദ്ധരണി] قُبُول[സ്വീകരിക്കാൻ] നിവൃത്തിയുണ്ടോ? ഇല്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം തന്നെ അതിനു പിറകെ ഇങ്ങനെ പറയുന്നു:

وَإِنْ جاء أَنَّ التَّابِعِينَ من أَهْلِ الشَّامِ كَمَكْحُولٍ وَخَالِدِ بن مَعْدَانَ وَلُقْمَانَ وَغَيْرِهِمْ يُعَظِّمُونَهَا وَيَجْتَهِدُونَ فيها بِالْعِبَادَةِ وَعَنْهُمْ أَخَذَ الناس ما ابْتَدَعُوهُ فيها ولم يَسْتَنِدُوا في ذلك لِدَلِيلٍ صَحِيحٍ وَمِنْ ثَمَّ قِيلَ أَنَّهُمْ إنَّمَا اسْتَنَدُوا بِآثَارٍ إسْرَائِيلِيَّةٍ وَمِنْ ثَمَّ أَنْكَرَ ذلك عليهم أَكْثَرُ عُلَمَاء الْحِجَازِ كَعَطَاءٍ وَابْنِ أبي مُلَيْكَةَ وَفُقَهَاء الْمَدِينَة وهو قَوْلُ أَصْحَابِ الشَّافِعِيِّ وَمَالِكٍ وَغَيْرِهِمْ قالوا وَذَلِكَ كُلُّهُ بِدْعَةٌ إذْ لم يَثْبُت فيها شَيْءٌ عن النبي صلى اللَّهُ عليه وسلم وَلَا عن أَحَدٍ من أَصْحَابِهِ (جزء ثاني فتاوى ص 81-80 )

(മക്ഹൂൽ, ഖാലിദ് ബിൻ മഅ്ദാൻ, ലുഖ്മാൻ എന്നിവരും മറ്റുമായുള്ള ശാമുകാരായ താബിഈങ്ങൾ ഈ രാവിനെ മഹത്വപ്പെടുത്തുകയും അതിൽ അധ്വാനിച്ച് ഇബാദത്ത് ചെയ്യുകയും ചെയ്യുന്നവരായിരുന്നു. സ്വഹീഹായ യാതൊരു دَلِيل-[തെളിവി]നെയും ആശ്രയിക്കാതെ അതിൽ അവർ നവീനമായി സ്വയം നിർമ്മിച്ചിട്ടുള്ളതിനെ ജനങ്ങൾ അവരിൽ നിന്ന് സ്വീകരിച്ചു. അവർക്ക് യാതൊരു സ്വഹീഹായും دَلِيل-[തെളിവും]ഉം താങ്ങായി ഇല്ലാത്തതിനാൽ ഇസ്റാഈലിയായ (ബനൂ ഇസ്റാഈൽകാരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട) ചില പൗരാണികമായ ആശയങ്ങളെ മാത്രമാണ് അവർ ആശ്രയിച്ചു നിൽക്കുന്നത് എന്ന് പറയപ്പെട്ടിരിക്കുന്നു. അതിനാൽ അത്വാഅ് ഇബ്നു അബീമുലൈക എന്നിവരെ പോലെയുള്ള ഹിജാസിലെ ഉലമാഇൽ ഭൂരിഭാഗവും മദീനയിലെ فُقَهَاء എല്ലാവരും ഇതിനെ കുറിച്ച് അവരോട് പ്രതിഷേധിച്ചിരിക്കുന്നു. അത് (ആ പ്രതിഷേധം) ശാഫിഈ, മാലിക് എന്നീ ഇമാമുകളുടെ اَصْحَابِ-ന്റെയും മറ്റുള്ളവരുടെയും അഭിപ്രായം ആകുന്നു. അവർ പറയുന്നു: (നബി(ﷺ)യിൽ നിന്നോ, നബി(ﷺ)യുടെ اَصْحَابِ-ൽ നിന്നോ വല്ലവരെയും സംബന്ധിച്ചോ യാതൊന്നും ثُبُوت –ആയിട്ടി[സ്ഥിരപ്പെട്ടി]ല്ലാത്തതിനാൽ ഇതെല്ലാം ബിദ്അത്താകുന്നു.) ഇങ്ങനെ ശഅ്ബാൻ പതിനെഞ്ചാം രാവിനെ മഹത്വപ്പെടുത്തുവാനോ, അതിൽ പ്രത്യേകമായി ഇബാദത്ത് കൊണ്ട് അധ്വാനിക്കുവാനോ സ്വഹീഹായ യാതൊരു دَلِيل-[തെളിവും] ഇല്ലെന്ന് ഇങ്ങനെ സ്പഷ്ടമായി തെളിഞ്ഞിരിക്കെ ആ രാവിന് പ്രത്യേക فَضْلُ-[ശ്രേഷ്ഠതയു]ണ്ടെന്നും അന്ന് പ്രത്യേകമായ

പൊറുക്കലുണ്ടെന്നും പ്രത്യേകമായ ഉത്തരം ചെയ്യലുണ്ടെന്നും പറയുന്നത് എങ്ങനെ قُبُول ചെയ്യും –[സ്വീകരിക്കും]?

ഇനി إِمَامُنَا–[നമ്മുടെ ഇമാമായ] ശാഫിഈ(ﷺ) ആ രാവിൽ ദുആക്ക് തീർച്ചയായും ഉത്തരം കിട്ടുമെന്ന് പറഞ്ഞിരിക്കുന്നുവെന്ന് ഇബ്നു ഹജറുൽ ഹൈതമി(ﷺ)യുടെ ഈ ഇബാറത്തിൽ കാണുന്നതും ശരിയല്ല. എന്തുകൊണ്ടെന്നാൽ إِمَامُنَا–[നമ്മുടെ ഇമാമായ] ശാഫിഈ(ﷺ)വിന്റെ വാചകം

وَبَلَغَنَا أَنَّهُ كان يُقَالُ إِنَّ الدُّعَاءَ يُسْتَجَابُ فِي خَمْسِ لَيَالٍ فِي لَيْلَةِ الْجُمُعَةِ وَلَيْلَةِ الأَضْحَى وَلَيْلَةِ الْفِطْرِ وَأَوَّلِ لَيْلَةٍ مِن رَجَبٍ وَلَيْلَةِ النِّصْفِ من شَعْبَانَ

(വെള്ളിയാഴ്ച രാവ്, വലിയ പെരുന്നാൾ രാവ്, ചെറിയ പെരുന്നാൾ രാവ്, റജബ് മാസം ഒന്നാം രാവ്, ശഅ്ബാൻ പതിനെഞ്ചാം രാവ് എന്നീ അഞ്ചു രാവുകളിലും ദുആക്ക് ഉത്തരം ചെയ്യപ്പെടുമെന്ന് പറയപ്പെടാറുണ്ടായിരുന്നുവെന്ന് നമുക്ക് എത്തിയിരിക്കുന്നു) എന്നാകുന്നു.

ഈ വാചകത്തിൽ അങ്ങനെ പറയപ്പെടാറുണ്ടായിരുന്നുവെന്ന് വിവരം കിട്ടിയിരിക്കുന്നുവെന്ന് മാത്രമല്ലാതെ, അന്ന് പ്രത്യേകമായി തീർച്ചയായും ഉത്തരം കിട്ടുമെന്ന് ഇമാം ശാഫിഈ(ﷺ) പറഞ്ഞിട്ടില്ല. തന്നെയുമല്ല ആ പറയപ്പെടാറുള്ള സംഗതി ثُبُوت ആയിട്ടു[സ്ഥിരപ്പെട്ടിട്ടു]ള്ളതല്ലെന്ന് കൂടി ആ വാചകം സൂചിപ്പിക്കുന്നു. ഈ സ്ഥിതിയിൽ കാര്യമിരിക്കെ ആ രാവിൽ ദുആക്ക് തീർച്ചയായും ഉത്തരം കിട്ടുമെന്ന് ഇമാം ശാഫിഈ പറഞ്ഞിരിക്കുന്നുവെന്ന് ഹൈതമി(ﷺ)പറഞ്ഞത് സ്വീകരിക്കുവാൻ നിവൃത്തിയുണ്ടോ? ഇല്ല. والله اعلم

ഇനിയും اَلْمَواهِبُ اللَّدنِيَّة–യിൽ ഖസ്തല്ലാനി(ﷺ)പറയുന്നത് കാണുക:

وقد كان التابعون من أهل الشام، كخالد بن معدان، ومكحول يجتهدون ليلة النصف من شعبان فى العبادة، وعنهم أخذ الناس تعظيمها، ويقال: إنه بلغهم فى ذلك آثار إسرائيلية، فلما اشتهر ذلك عنهم اختلف الناس، فمنهم من قبله منهم، وقد أنكر ذلك أكثر العلماء من أهل الحجاز، منهم عطاء، وابن أبى مليكة، ونقله عبد الرحمن بن زيد بن أسلم عن فقهاء أهل المدينة، وهو قول أصحاب مالك وغيرهم، وقالوا: ذلك كله بدعة. (مواهب اللّدنية للقسطلّاني جزء ثاني ص 260-259 )

(ഖാലിദ്ബ്നു മഅ്ദാൻ, മക്ഹൂൽ എന്നിവരെപ്പോലെ ശാമുകാരിലുള്ള താബിഈങ്ങൾ ശഅ്ബാൻ പതിനെഞ്ചാം രാവിൽ ഇബാദത്തിൽ അധ്വാനിക്കുന്നവരായിരുന്നു. ആ രാത്രിയെ മഹത്വപ്പെടുത്തുന്നതിനെ ജനങ്ങൾ അവരിൽ നിന്ന് സ്വീകരിച്ചു. ഇസ്റാഈലിയായ പൗരാണിക ഐതിഹ്യങ്ങൾ അതിൽ അവർക്ക് എത്തിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അവരെ കുറിച്ച് ഇത് പ്രസിദ്ധമായപ്പോൾ ജനങ്ങൾ ഭിന്നിച്ചു. ചിലർ അത് സ്വീകരിച്ചു. ഹിജാസുകാരിൽ നിന്ന് അധികഭാഗം ഉലാമാഉം അതിനെ പ്രതിഷേധിച്ചു. അത്വാഅ്, ഇബ്നു അബീമുലൈക(ﷺ)എന്നിവർ അവരിൽപ്പെട്ടവരാണ്. മദീനക്കാരിലുള്ള فُقَهَاء–ഇൽ നിന്നും അതിനെ അബ്ദുർറഹ്മാൻ ഇബ്നു സെയ്ദ് ബ്നു അസ്‌ലം ഉദ്ധരിച്ചിരിക്കുന്നു. അത് മാലിക് ഇമാമിന്റെ اَصْحَابِ–ന്റെയും മറ്റുള്ളവരുടെയും അഭിപ്രായമാകുന്നു. ഇതെല്ലാം ബിദ്അത്താണെന്ന് അവർ പറഞ്ഞിരിക്കുന്നു.)

ഈ ഇബാറത്ത് ഇബ്നു ഹജറിൽ ഹൈത്തമി(ﷺ)യുടെ جزء ثاني فتاوى ص 81-80 (ഫതാവ രണ്ടാം ഭാഗം (80/81))–ലെ عِبَارَت–ൽ നിന്ന് ഞാൻ ഇവിടെ അൽപം മുമ്പ് نَقَل–ചെയ്തി [ഉദ്ധരിച്ചി]ട്ടുള്ളതിനോട് مَعْنَى–യിൽ [അർഥപൂർണമായി] യോജിക്കുന്നു. ഇപ്പോൾ ഈ രാത്രിയിൽ പ്രത്യേകമായി നിർമ്മിക്കപ്പെട്ട നമസ്കാരത്തെക്കുറിച്ച് മാത്രമല്ല اَكْثَرُ عُلَمَاءِ الْحِجَاز [ഹിജാസിലെ അധിക പണ്ഡിതരും] പ്രതിഷേധിച്ചിട്ടുള്ളത്. ഈ രാത്രിയെ മഹത്വപ്പെടുത്തി ഏത് ഇബാദത്തിലാകട്ടെ അന്ന് പ്രത്യേകമായി അധ്വാനിക്കുന്നതിനെ പൊതുവായിട്ടാണ് അവർ إِنْكَار(നിഷേധം) ചെയ്തിട്ടുള്ളത് എന്ന് നല്ലവണ്ണം വെളി

പ്പെട്ടു. മാത്രമല്ല, ഈ ബിദ്അത്തായ നമസ്കാരം ശാമിൽ തന്നെ ഹിജ്റ 448നു മുമ്പ് ഉണ്ടായിട്ടില്ല. ഹിജ്റ 448ൽ മാത്രം നിർമ്മിക്കപ്പെട്ട ഒരു നമസ്കാരത്തെക്കുറിച്ച് അത്വാഅ്, ഇബ്നു അബീമുലൈക മുതലായ താബിഈങ്ങൾ പ്രതിഷേധിക്കാൻ ഇടയാകുമോ? സഹോദരങ്ങളെ, നിങ്ങൾ ചിന്തിക്കുക. നിങ്ങൾ ചോദ്യത്തിൽ نَقَل-ചെയ്ത [ഉദ്ധരിച്ച] ഫതാവയിലെ عِبَارَت-[ഉദ്ധരണി] قُبُول-ചെയ്യുവാൻ [സ്വീകരിക്കുവാൻ] നിവൃത്തിയുണ്ടോ? നിങ്ങൾ ആലോചിക്കുക, حَقّ-[സത്യം] അറിഞ്ഞ് عَمَل-[കർമം] ചെയ്യുവാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. آمين .

والله اعلم